ഏഴാം പദ്ധതിക്കാലത്തെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ

* 111. [116] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, സി. കെ. ചക്രപാണി :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, പി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളാണ് ഏഴാം പദ്ധതിക്കാലത്ത് കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) അവ ഓരോന്നിനും പദ്ധതിയിൽ മൊത്തം എന്തു തുക മുതൽ മുടക്കുണ്ടാകും എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ, ബി) ഏഴാം പദ്ധതിക്കാലത്ത് കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങൾ താഴെ പറയുന്നവയാണ് ;

വ്യവസായത്തിന്റെ പേര്	മുതൽമുടക്ക് (രൂപ കോടിയിൽ)
1. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിന്റെ ബൻസീൻ പ്രോജക്ട്	58.50
2. ഡാമർ പ്ലാറ്റി ഇൻഡ്യാ ലിമിറ്റഡിന്റെ മറൈൻ ഫ്യൂയ്റ്റർ കണ്ടയിനർ ആൻഡ് ബാരൽ/ഗ്ലാസ് പ്രോജക്ട്, അരൂർ.	14.03
3. ഫിക്ടിന്റെ	
(എ) കാപ്രോലാക്ടം പ്രോജക്ട്, ഉദ്യോഗമണ്ഡൽ	140.34
(ബി) പൊല്യൂഷൻ കൺട്രോൾ, കൊച്ചിൻ.	2.52
(സി) റീപ്ലെയ്സ്മെന്റ്, റിന്യൂവൽ തുടങ്ങിയവ	78.46
(ഡി) മറ്റ് നിലവിലുള്ള പദ്ധതികൾക്ക്	1.58
(ഇ) പുതിയ പദ്ധതികൾ	2.10
4. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ഉദ്യോഗമണ്ഡൽ	3.00
5. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ ഫിനോൾ പ്രോജക്ട്, അമ്പലമുകൾ, കൊച്ചി	29.00
6. എച്ച്. എം. ആർ. ലിമിറ്റഡ്, കളമശ്ശേരി	
(എ) പുതിയ പദ്ധതികൾ	5.00
(ബി) റീപ്ലേയ്സ്മെന്റ്, റിന്യൂവൽ തുടങ്ങിയവ	5.00

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തിന്റെ പേര്	മുതൽ മുടക്ക് രൂ. കോടിയിൽ
7. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്	5.00
8. കൊച്ചിൻ ഷിപ്പ്യാഡിന്റെ	
(എ) റീപ്ലേസ്മെന്റ്, റിന്യൂവൽ	5.00
(ബി) പുതിയ പദ്ധതികൾക്ക്	40 00
9. ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, ആലുവ	13.50
10. മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്പ്മെന്റ്, അതോറിറ്റി, കൊച്ചിൻ	16.00
11. എക്സ്പോർട്ട് പ്രോസസിംഗ് സോൺ, കൊച്ചിൻ	4.78
ആകെ	408.78

വിനോദ സഞ്ചാരികളുടെ കണക്ക്

* 112. [117] ശ്രീ. കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ മാസം തോറുമുള്ള കണക്ക് ലഭ്യമാണോ ;

(ബി) ആണെങ്കിൽ വർദ്ധനവാണോ കാണിക്കുന്നത് ;

(സി) വിനോദസഞ്ചാര വികസനത്തിന് കൂടുതൽ കേന്ദ്രസഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ബി) ലഭ്യമായ കണക്കുകൾ വച്ചുനോക്കുമ്പോൾ നേരിയ വർദ്ധനവു കാണുന്നുണ്ട്.

(സി) ഉണ്ട്. പ്രാദേശിക കലോൽസവങ്ങളുടെ പ്രോൽസാഹനം. ബോട്ടുകൾ വാങ്ങുക, ദീർഘദൂര ദാഡുയാത്രക്കാർക്കായി വിശ്രമകേന്ദ്രങ്ങൾ ഏർപ്പെടുത്തുക എന്നിവയ്ക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ട്. മറ്റു ചില പദ്ധതികൾക്കും കേന്ദ്രസഹായം താമസംവിനാ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ

* 113 [118] ശ്രീ. കെ. ഇ. ഇസ്മയിൽ :
,, എം കെ. കേശവൻ :
ഡോ. എ. സുബ്ബറാവു :
ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ തടഞ്ഞു വച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ കാരണം വ്യക്തമാക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly